# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. – പൊതു സ്ഥലംമാറ്റം 2020 – ശ്രീമതി സരിത പി. ജെ., സീനിയർ ക്ലാർക്ക് – അന്തിമ ഉത്തരവ് റദ്ദാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഈ കാര്യാലയത്തിലെ ഇതേ നം . ഉത്തരവ്, തീയതി: 19/01/2021.
2. എ 2-806/2021/ജി.മെ.ഓ.(ആ.), മലപ്പുറം., തീയതി: 21/01/2021.

## ഉത്തരവ് നം. ഇ.ഡി.1-66255/20/ആ.വ.ഡ., തീയതി : 21/01/2021.

പരാമർശം (1) പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിലെ പൊതു സ്ഥലംമാറ്റം 2020 നടത്തിയ അന്തിമ പട്ടികയിൽ ശ്രീമതി സരിത പി. ജെ. -യെ മലപ്പുറം, പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിന്നും തിരുവനന്തപുരം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടിയാൾ എസ്.സി./ എസ്.റ്റി. വിഭാഗത്തിൽപ്പെട്ട വ്യക്തിയായതിനാൽ പരിരക്ഷണം ഉണ്ടെന്നും പ്രായമായ അമ്മയേയും കുഞ്ഞിനേയും സംരക്ഷിക്കേണ്ട ചുമതല തന്നിലാണെന്നും അറിയിച്ചിരുന്നു. തന്റേതല്ലാത്ത കാരണങ്ങളാൽ സ്പാർക്കിൽ സർവ്വീസ് ഹിസ്റ്ററി അപ്ഡേറ്റ് ആകാത്തതിനാലാണ് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കാൻ കഴിയാത്തത് എന്നും ആയതിനാൽ സ.ഉ. 03/2017/ഉ.പ.ഭ.വ., തീയതി 25/05/2017 പ്രകാരം പരിഗണന അർഹിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട തനിക്ക് തിരുവനന്തപുരത്തേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്നും അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാളുടെ പരിരക്ഷയും അനുതാപാർഹമായ സാഹചര്യവും കണക്കിലെടുത്ത് പരാമർശം (2) പ്രകാരം തിരുവനന്തപുരത്തേയ്ക്ക് സ്ഥലംമാറ്റവും നൽകുകയുണ്ടായി. എന്നാൽ ശ്രീമതി സരിത പി. ജെ. 22/04/2019 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുകയാണെന്ന് പരാമർശം (2) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം അറിയിച്ചിരിക്കുന്നു. ടി സാഹചര്യത്തിൽ പരാമർശം (1) പ്രകാരമുള്ള സ്ഥലംമാറ്റ ഉത്തരവിലെ ക്രമ നം . 13 ആയ ശ്രീമതി സരിത പി. ജെ. -യുടെ തിരുവനന്തപുരം ജില്ലയിലേയ്ക്കുള്ള സ്ഥലംമാററ ഉത്തരവ് റദ്ദാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ ഉത്തരവ് മേൽ ഭേദഗതിയോടു കൂടി നിലനിൽക്കുന്നതാണ്.

(ഒപ്പ്)
കുമാരി ബീന വി. റ്റി
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്
ശ്രീമതി സരിത പി. ജെ., സീനിയർ ക്ലാർക്ക്

പകർപ്പ്
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം, മലപ്പുറം.
3. സൂപ്രണ്ട്, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, പൊന്നാനി, മലപ്പുറം.
4. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-21/01